സിനിമ

കാസർകോട്

മാജിക് ഫ്രെയിംസ് മെഹബൂബ്
- സൂക്ഷിക്കാൻശിനി (മ) 10.30, 1.30, 4.30, 7.30, 10.30.
- മാമനും കതീജയും (മ) 10.30, 4.30.
- എന്ജാർപ്പും (മ) 7.30pm
- ആന്ന് ശ്രീബാല (മ) 10.30am.
- കിങ്ങൺ അബ്ദുറഹ്മാൻ (മ) 1.30, 7.30.
- നിങ്ങൾ തുണ്ടുവു (ത) 1.30, 4.30.
- പരുക്കൻ (മ) 1.30, 4.30, 7.30.
- രാജുവിന്റെ മെസ്സേജ്സ് (മ) 1.30.
- ആൾ വി ഇമാജിൻ ആസ് ലൈറ്റ് (മ) 4.30.
- അമരൻ (ത) 10.30, 7.30.
- ലക്കി ഭാസ്കർ (മ) 10.30am, 10.30pm.

മൂവി മാക്സ് സർക്കിൾ
- സൂക്ഷിക്കാൻശിനി (മ) 10.30, 1.30, 7.30, 10.30.

കർമംതോടി

കാവേരി സിനിമാസ്
- അമരൻ (ത) 1.30, 7.30, 10.30.
- സൂക്ഷിക്കാൻശിനി (മ) 10.30, 1.30, 4.30, 7.30, 10.30.
- മാമനും കതീജയും (മ) 10.30, 4.30

ചെറുവത്തൂർ

പാക്കനാർ 2K-3D7
- ഹണ്ട്രാ മ്മി (മ) 10.45, 1.45, 4.45, 7.30, 10.30.

ഉളിയത്തടുക്കയിൽ കെഎസ്ടിഎ പൊതുയോഗം

കെഎസ്ടിഎ കാസർകോട് ഉപജില്ലാ സമ്മേളനത്തിന്റെ ഭാഗമായി ഉളിയത്തടുക്കയിൽ സംഘടിപ്പിച്ച പൊതുയോഗം ഡിവൈഎഫ്ഐ ജില്ലാപ്രസിഡന്റ് അഡ്വ. ഷാലു മാത്യു ഉദ്ഘാടനം ചെയ്യുന്നു

ഉളിയത്തടുക്ക

കെഎസ്ടിഎ കാസർകോട് ഉപജില്ലാ സമ്മേളനത്തിന്റെ ഭാഗമായി ഉളിയത്തടുക്കയിൽ സംഘടിപ്പിച്ച പൊതുയോഗം ഡിവൈഎഫ്ഐ ജില്ലാപ്രസിഡന്റ് അഡ്വ. ഷാലു മാത്യു ഉദ്ഘാടനം ചെയ്യു. ഡോ. വിനോദ്കുമാർ പെരുമ്പള അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി കെ രാഘവൻ, ജില്ലാസെക്രട്ടറി ടി പ്രകാശൻ, സംസ്ഥാനകമ്മിറ്റി അംഗം എൻ കെ ലസിത, ജില്ലാ നിർവാഹക സമിതി അംഗങ്ങളായ സി പ്രശാന്ത്, എ മാലതി, ഇ വിനോദ്കുമാർ, സി കെ ജഗദീഷ്, വി ജി വിൻസിമോൾ, കെ പ്രേംരാജ്, വി ലളിതകുമാരി എന്നിവർ സംസാരിച്ചു. എ മധുസൂദനൻ സ്വാഗതവും ടി മധുപ്രശാന്ത് നന്ദിയും പറഞ്ഞു.

ഉപജില്ലാ സമ്മേളനം ഞായർ രാവിലെ പത്തിന് കാസർകോട് ഗവ. യുപി സ്കൂളിൽ നടക്കും. സംസ്ഥാനകമ്മിറ്റി അംഗം കെ രഞ്ജിത്ത് ഉദ്ഘാടനം ചെയ്യും.

ഹൊസ്ദുർഗ് ഉപജില്ലാ സമ്മേളനം ഇന്ന്

കാഞ്ഞങ്ങാട്

കെഎസ്ടിഎ ഹൊസ്ദുർഗ് ഉപജില്ലാ സമ്മേളനം ശനിയാഴ്ച ഹൊസ്ദുർഗ് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. രാവിലെ 10ന് ജില്ലാ പ്രസിഡന്റ് യു ശ്യാമഭട്ട് ഉദ്ഘാടനം ചെയ്യും. എം സുനിൽ കുമാർ സംഘടനാ റിപ്പോർട്ട് അവതരിപ്പിക്കും.

കൊളത്തൂർ ക്ഷീര സഹകരണ സംഘം പ്രസിഡന്റായി തെരഞ്ഞെടുത്ത കെ കൃഷ്ണൻ

പച്ചത്തുരുത്ത് വ്യാപിപ്പിക്കാൻ പള്ളിക്കര

പള്ളിക്കര പഞ്ചായത്തിൽ പച്ചത്തുരുത്ത് വ്യാപിപ്പിക്കുന്ന പദ്ധതി പഞ്ചായത്ത് പ്രസിഡന്റ് എം കുമാരൻ ഉദ്ഘാടനംചെയ്യുന്നു

പള്ളിക്കര

ജില്ലയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് നിർമിച്ച പള്ളിക്കര പഞ്ചായത്ത് ഈ വർഷവും പ്രവർത്തനം വ്യാപിപ്പിക്കുന്നു. പള്ളിക്കര സെന്റ് മേരീസ് സ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ് എം കുമാരൻ ഉദ്ഘാടനംചെയ്തു. 700 ഫല വൃക്ഷത്തൈ നട്ടുപിടിപ്പിക്കും. പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ എ മണികണ്ഠൻ അധ്യക്ഷനായി. കെ ബാലചന്ദ്രൻ, സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ പ്രജിറ്റ്, ടി കെ പ്രദീപ്കുമാർ, ടി സുധാകരൻ എന്നിവർ സംസാരിച്ചു. പഞ്ചായത്തംഗം വി കെ അനിത സ്വാഗതവും ബി കെ താരാവതി നന്ദിയും പറഞ്ഞു.

വിദ്യാനഗർ– നീർച്ചാൽ റോഡ് കാടുകയറി

ബാരിക്കാട് മുതൽ കല്ലക്കട്ട വരെയുള്ള റോഡിലേക്ക് കുറ്റിക്കാട് കയറിയ നിലയിൽ

സ്വന്തം ലേഖകൻ

■ ബാരിക്കാട് മുതൽ കല്ലക്കട്ട വരെയാണ് റോഡിലേക്ക് കുറ്റിക്കാട് കയറി നടക്കാൻപോലും കഴിയാതായത്

വിദ്യാനഗർ

നടക്കാൻപോലും കഴിയാത്ത വിധം റോഡിലേക്ക് കയറി കാട് മൂടിയിട്ടും വെട്ടിമാറ്റാൻ നടപടിയില്ല. വിദ്യാനഗർ– നീർച്ചാൽ റോഡിൽ അഭയം ഡയാലിസിസ് സെന്റർ മുതൽ കല്ലക്കട്ട വരെയാണ് കൂടുതൽ പ്രയാസം. ഇരുവശത്തുനിന്നും വാഹനങ്ങൾ വന്നാൽ മാറി നിൽക്കാൻ കാട്ടിൽകയറേണ്ട ഗതികേടിലാണ് കാൽനട യാത്രക്കാർ.

വളവുകൾകൂടുതലുള്ള പ്രദേശമായതിനാൽ വാഹനങ്ങൾ അടുത്തെത്തുമ്പോൾ മാത്രമാണ് കാണാനാവുക. കാട് കാരണം റോഡിലൂടെ നടക്കുന്നയാളെ ഇടിക്കാതിരിക്കാൻ പെട്ടെന്ന് വെട്ടിച്ചാൽ വാഹനം അപകടത്തിൽ പെടുന്നതും പതിവാണ്. അടുത്ത നാളിലായി ഇവിടെ ദ്രുതഗതിയിൽ വെട്ടിച്ച കാർ, ബൈക്ക് യാത്രക്കാർ അപകടത്തിൽപെട്ടിരുന്നു. വാഹനത്തിന് കേടുപാടുണ്ടായെങ്കിലും യാത്രക്കാർ പരിക്കില്ലാതെ രക്ഷപ്പെട്ടത് മാത്രമാണ് ആശ്വാസം.

രാവിലെയും വൈകിട്ടും കല്ലക്കട്ട എയുപി സ്കൂളിലേക്കും നീർച്ചാൽ, നായന്മാർമൂല തുടങ്ങിയ ഭാഗങ്ങളിലേക്കുമുള്ള സ്കൂൾ കുട്ടികൾ നടന്നുപോകുന്ന റോഡരികാണിത്. വേഗം കുറച്ച് വാഹനം ഓടിച്ചാലും എതിർദിശയിൽ മറ്റൊരു വാഹനമെത്തുമ്പോഴാണ് ഏറ്റവുമധികം ദുരിതം അനുഭവിക്കുന്നത്. കുറ്റിക്കാട്ടിലേക്ക് മാറുമ്പോൾ പരിക്കേൽക്കുന്നതും പതിവാണ്.

ബാരിക്കാട് റോഡിലെ വളവിന്റെ ഒരു ഭാഗം വലിയ കുഴിയാണ്. കാടുകയറിയ ഈ ഭാഗത്തേക്ക് വാഹനം അരികിലേക്ക് ചേർത്താൽ കുഴിയിലേക്ക് മറിയാനും സാധ്യതയേറെയാണ്.

റോഡരിക് വൃത്തിയാക്കേണ്ട ചെങ്കള പഞ്ചായത്ത് അധികാരികളാകട്ടെ ഇതൊന്നും തങ്ങളുടെ ഉത്തരവാദിത്തമല്ലെന്ന സമീപനമാണ് സ്വീകരിക്കുന്നത്. റോഡരികിൽ ആൾതാമസം കുറവായതിനാൽ അപകടമുണ്ടായാലും പുറത്തറിയാൻ ഏറെ സമയമെടുക്കുമെന്നതും ഇവിടുത്തെ പ്രത്യേകതയാണ്. വിദ്യാനഗറിൽനിന്നും ബദിയടുക്ക, നെല്ലിക്കട്ട തുടങ്ങിയവിടങ്ങളിലേക്കുള്ള എളുപ്പവഴി കൂടിയാണിത്.

തിരുമുൽകാഴ്ച സമർപ്പണം: സംഘാടകസമിതിയായി

അടോട്ട്

മുത്തേടത്തു കുതിര് പഴയസ്ഥാനം പാടാർകുളങ്ങര ഭഗവതി ദേവസ്ഥാനത്ത് ജനുവരി 28 മുതൽ 31 വരെ നടക്കുന്ന കളിയാത്തിന്റെ ഭാഗമായി കേളോത്ത്, പുല്ലൂർ, കൊടവലം, വെള്ളിക്കോത്ത് വീണച്ചേരി, മധുരക്കാട് പ്രാദേശിക സമിതികളുടെ നേതൃത്വത്തിൽ നടത്തുന്ന തിരുമുൽ കാഴ്ച സമർപ്പണത്തിന്റെ സംഘടകസമിതി രൂപീകരിച്ചു. ഉത്തര മലബാർ തീയ്യ സമുദായ ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റ് രാജൻ പെരിയ ഉദ്ഘാടനംചെയ്തു. സരസൻ പെരളം അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ സിത, പി കൊട്ടൻ കുഞ്ഞി, എം. ബാലൻ, ടി പി കുഞ്ഞികൃഷ്ണൻ, വി പി മനോജ്കുമാർ, ജയൻ അടോട്ട്, സജ്ന വിനോദ്, വത്സല, അശോകൻ പെരളം എന്നിവർ സംസാരിച്ചു. ആദ്യ ഫണ്ട് കെ വി കൃഷ്ണൻ കുലോത്ത് വളപ്പിൽനിന്നും ദേവസ്ഥാന സ്ഥാനികർ ഏറ്റുവാങ്ങി. കുമാരൻ വയ്യോത്ത് സ്വാഗതവും ഹരീഷ് ആന വാതുക്കൽ നന്ദിയും പറഞ്ഞു. ഭാരവാഹികൾ: സരസൻ പെരളം (ചെയർമാൻ), കുമാരൻ വയ്യോത്ത് (കൺവീനർ), ഹരിഹരൻ വെള്ളിക്കോത്ത് (ട്രഷറർ).

സ്കൂൾ ബസും ഓട്ടോയും കൂട്ടിയിടിച്ചു

കാഞ്ഞങ്ങാട്

സ്കൂൾബസും ഓട്ടോയും കൂട്ടിയിടിച്ച് ഓട്ടോയാത്രക്കാരായ അഞ്ച് കുട്ടികൾക്ക് പരിക്ക്. പുതിയകോട്ട ലിറ്റിൽ ഫ്ലവർ ഗേൾസ് സ്കൂളിലെ കുട്ടികൾക്കാണ് പരിക്കേറ്റത്. വെള്ളി രാവിലെ കാഞ്ഞങ്ങാട് കുശാൽനഗറിലാണ് അപകടം. സ്വാമി നിത്യാനന്ദ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ബസും ലിറ്റിൽ ഫ്ലവർ സ്കൂൾ വിദ്യാർഥിൾ സഞ്ചരിച്ച ഓട്ടോറിക്ഷയുമായി കൂട്ടിയിടിക്കുകയായിരുന്നു. പരിക്കേറ്റ കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കടന്നൽക്കുത്തേറ്റു

ബേക്കൽ

വീട്ടുമുക്ക് കടന്നൽക്കുത്തേറ്റു. പള്ളിക്കരയിലെ ഉമ്മറിനാണ് കടന്നൽക്കുത്തേറ്റത്. വ്യാഴം വൈകിട്ടാണ് സംഭവം. വീടിനോട് ചേർന്നുള്ള വിറകുപുരക്ക് തീ പിടിച്ചപ്പോൾ ഉള്ളിലുണ്ടായിരുന്ന കടന്നൽകൂട് ഇളകുകയായിരുന്നു. കടന്നലുകൾ കൂട്ടമായെത്തി ഉമ്മറിനെ ആക്രമിച്ചു. കാഞ്ഞങ്ങാട്ടുനിന്നും അഗ്നിരക്ഷാസേനയെത്തിയാണ് തീയണച്ചത്.

വിദ്യാർഥികളെ മർദിച്ചു

പെരിയ

പെരിയ ഗവ. പോളിടെക്നിക് കോളേജിൽ ആറ് വിദ്യാർഥികൾക്ക് സീനിയർ വിദ്യാർഥികളുടെ മർദനം. സംഭവത്തിൽ അർജുൻ, തൊയിബ്, നിഗിൽ, നിധിൻ, അക്ഷയ്, റാഷി, അതുൽ, സിദ്ധാർഥ്, അഭിൻ, സഞ്ജു എന്നിവർക്കെതിരെ ബേക്കൽ പൊലീസ് കേസെടുത്തു. വ്യാഴം പകലാണ് സംഭവം. താടിവളർത്തിയതിനാണ് മർദനമെന്ന് പരാതിയിൽ പറയുന്നു.

കോൺക്രീറ്റ് കട്ടകൾ ഇളകിവീണു

കാഞ്ഞങ്ങാട്

കോട്ടച്ചേരി പഴയ ബസ് സ്റ്റാൻഡിന് സമീപത്തെ പൊലീസ് എയ്ഡ് പോസ്റ്റിലെ കോൺക്രീറ്റ് കട്ടകൾ ഇളകിവീണു. വെള്ളി പകൽ പൊലീസുകാർ ഭക്ഷണം കഴിക്കാൻപോയ സമയത്തായിരുന്നു അപകടം. ഈ സമയം സമീപത്തുണ്ടായിരുന്ന ബല്ല കടപ്പുറത്തെ സൗദയും മകൻ അഞ്ചുവയസുള്ള മുഹമ്മദും പരിക്കുകളില്ലാതെ രക്ഷപ്പെട്ടു.

മെഡിക്കൽ ക്യാമ്പ് നാളെ

ചെമ്മനാട്

ജമാഅത്ത് ഹയർ സെക്കൻഡറി സ്കൂളിൽ ഞായറാഴ്ച മെഗാ മെഡിക്കൽ ക്യാമ്പ് നടക്കും. മംഗളൂരു ഫാദർ മുള്ളേഴ്സ് ആശുപത്രിയുടെ സഹകരത്തോടെ പൂർവ വിദ്യാർഥി സംഘടനയാണ് ക്യാമ്പ് നടത്തുന്നത്. രാവിലെ 9.30 മുതൽ മൂന്നുവരെയാണ് ക്യാമ്പ്. ഫോൺ: 9495345640, 9895823318

ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്

കാഞ്ഞങ്ങാട്

വെള്ളിക്കോത്ത് സ്കൂളിൽ ഹൊസ്ദുർഗ് ജനമൈത്രി പൊലീസിന്റെ സഹകരണത്തോടെ ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. അജാനൂർ പഞ്ചായത്തിന്റെയും ആനന്ദാശ്രമം കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിലായിരുന്നു ക്ലാസ്. ജനമൈത്രി പൊലീസ് ഓഫീസർ പ്രദീപൻ കോതോളി, കുഞ്ഞബ്ദുല്ല എന്നിവർ ക്ലാസെടുത്തു. മെഡിക്കൽ ഓഫീസർ ഡോ. ധനേഷ്, അമ്പിളി, പ്രിയ, ദിപു, ജെഎച്ച്ഐ ബൈജു എസ് റാം എന്നിവർ സംസാരിച്ചു.

സൈറ്റ് ഇൻഷൂറൻസ് അനുവദിക്കണം

രാവണീശ്വരം

സ്വകാര്യ കരാറുകാർക്ക് സൈറ്റ് ഇൻഷുറൻസ് അനുവദിക്കണമെന്ന് പ്രൈവറ്റ് ബിൽഡിങ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ രാവണീശ്വരം യൂണിറ്റ് സമ്മേളനം ആവശ്യപ്പെട്ടു. പൊടിപ്പള്ളം ടി കുഞ്ഞിക്കണ്ണൻ പണിക്കർ സ്മാരക മന്ദിരത്തിൽ ശശി രാവണീശ്വരം ഉദ്ഘാടനം ചെയ്തു. കെ വി ശശി അധ്യക്ഷനായി. വി സുകുമാരൻ സംസാരിച്ചു. വി നാരായണൻ സ്വാഗതം പറഞ്ഞു.

ഭാരവാഹികൾ: കെ രാഘവൻ (പ്രസിഡന്റ്), സനു (വൈസ് പ്രസിഡന്റ്), കെ വി ശശി (സെക്രട്ടറി), ഗംഗാധരൻ (ജോയിന്റ് സെക്രട്ടറി).

ഹെഡ് പോസ്റ്റോഫീസിലേക്ക് മാർച്ച് നടത്തി

കാസർകോട്

വയനാട് ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട മനുഷ്യരോടും കേരള ജനതയോടും കേന്ദ്ര ബിജെപി സർക്കാർ കാണിക്കുന്ന വഞ്ചനക്കെതിരെ സിപിഐ പ്രതിഷേധ ദിനത്തിന്റെ ഭാഗമായി ജില്ലാ കൗൺസിൽ നേതൃത്വത്തിൽ കാസർകോട് ഹെഡ് പോസ്റ്റോഫീസിലേക്ക് മാർച്ചും ധർണയും നടത്തി. സംസ്ഥാന എക്സിക്യൂട്ടീവംഗം സി പി മുരളി ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി സി പി ബാബു അധ്യക്ഷനായി.

സംസ്ഥാന കൗൺസിലംഗം ഗോവിന്ദൻ പള്ളിക്കാപ്പിൽ, ജില്ലാ അസി. സെക്രട്ടറിമാരായ വി രാജൻ, എം അസിനാർ, ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങളായ ബങ്കളം കുഞ്ഞികൃഷ്ണൻ, കെ എസ് കുര്യാക്കോസ്, എം കുമാരൻ, പി ഭാർഗവി എന്നിവർ സംസാരിച്ചു. ടി കൃഷ്ണൻ സ്വാഗതം പറഞ്ഞു.

ഉദുമ ഗവ. എൽപി സ്കൂളിൽ സദ്യയൊരുക്കി രക്ഷിതാക്കൾ

ഉദുമ ജിഎൽപി സ്കൂളിൽ നാലാം ക്ലാസിലെ ഊണിന്റെ മേളം പാഠത്തിന്റെ ഭാഗമായി രക്ഷിതാക്കൾ കുട്ടികൾക്കായി ഒരുക്കിയ നാടൻ സദ്യ

ഉദുമ

നാലാംക്ലാസിലെ ഊണിന്റെ മേളം പാഠത്തിന്റെ ഭാഗമായി ഉദുമ ജിഎൽപി സ്കൂളിൽ സദ്യയൊരുക്കി. രക്ഷിതാക്കളാണ് കുട്ടികൾക്കായി സദ്യയൊരുക്കിയത്. മത്തിക്കറി ഫെസ്റ്റും നടന്നു. പഞ്ചായത്തംഗം വി കെ അശോകൻ ഉദ്ഘാടനം ചെയ്തു. രാജേഷ് മാങ്ങാട് അധ്യക്ഷനായി. സുനിൽ സുരേഷ്, റഹമത്ത്, അഭി, ഹരി എന്നിവർ സംസാരിച്ചു. പ്രധാനാധ്യാപകൻ ആനന്ദ് പേക്കടം സ്വാഗതം പറഞ്ഞു.

വീൽചെയറും ഇരിപ്പിടവും കൈമാറി

പുത്തിഗെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മുഹിമ്മാത്ത് നൽകിയ വീൽചെയറും ഇരിപ്പിടവും ഡോ. ഹാമിദ് ഷുഹൈബ് തങ്ങൾക്ക് ഹാജി അമീറലി ചൂരി കൈമാറുന്നു

പുത്തിഗെ

പുത്തിഗെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മുഹിമ്മാത്ത് വീൽചെയറും 50 പേർക്ക് ഇരിക്കാവുന്ന ഇരിപ്പിടവും നൽകി. മെഡിക്കൽ ഓഫീസർ ഡോ. ഹാമിദ് ഷുഹൈബ് തങ്ങൾക്ക് ഹാജി അമീറലി ചൂരി ഉപകരണങ്ങൾ കൈമാറി. അബ്ദുൽ ഖാദിർ മൊഗ്രാൽ അധ്യക്ഷനായി. ഉമർ കർണൂർ, ഹാമിദ് അൻവർ അഹ്ദൽ തങ്ങൾ, മൂസ കളത്തൂർ, വി എസ് കനി, ജെ അജിഷ, ആർ അനില, എ ജെ റേഷൽ ഹണി, പി ടി എസ് ലീല എന്നിവർ സംസാരിച്ചു.

വിജയോത്സവം

പാലക്കുന്ന്

മുദിയക്കാൽ ജിഎൽപി സ്കൂളിൽ വിജയോത്സവം ഡിഡിഇ ടി വി മധുസൂദനൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം പി ആർ പുഷ്പാവതി അധ്യക്ഷയായി. ബേക്കൽ ഉപജില്ല കലോത്സവത്തിൽ മൂന്നാം സ്ഥാനവും ഉപജില്ല മേളകളിൽ മികച്ച വിജയവും നേടിയവരെ അനുമോദിച്ചു. കുട്ടികളുടെ കലാപരിപാടികൾ അരങ്ങേറി. മധു മുതിയക്കാൽ, എ സി കുഞ്ഞിരാമൻ, സൗമ്യ ഭാസ്കരൻ എന്നിവർ സംസാരിച്ചു. പ്രധാനാധ്യാപിക എം ശ്രീജ സ്വാഗതവും പി ടിഎ പ്രസിഡന്റ് കെ കെ വത്സലൻ നന്ദിയും പറഞ്ഞു.

സ്നേഹവീട് നൽകി

ലയൺസ് വനിതാ വിഭാഗം കൂട്ടായ്മ പി കരുണാകരന് നിർമിച്ചുനൽകിയ വീടിന്റെ താക്കോൽ കെ വി രാമചന്ദ്രൻ കൈമാറുന്നു

കാഞ്ഞങ്ങാട്

നിർമാണം പാതിവഴിയിൽ നിന്നുപോയ അതിയാമ്പൂരിലെ പി കരുണാകരന്റെ വീട് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക് 318 ഇയുടെ കീഴിലുള്ള വനിതാ വിഭാഗം കൂട്ടായ്മയായ കൗൺസിൽ ഓഫ് ലയൺ ലേഡീസ് രണ്ടര ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ചുനൽകി.

ലയൺ ഡിസ്ട്രിക് ഗവർണർ കെ വി രാമചന്ദ്രൻ പി കരുണാകരന് താക്കോൽ കൈമാറി. നഗരസഭാ ചെയർപേഴ്സൺ കെ വി സുജാത മുഖ്യാതിഥിയായി. ഡോ. സുജ വിനോ അധ്യക്ഷയായി. നിർമാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച എൻജിനിയർ എൻ ആർ പ്രശാന്തിനെ ആദരിച്ചു. ടൈറ്റസ് തോമസ്, പി ഗംഗാധരൻ, ഷാജി ജോസഫ്, ചിത്ര രാമചന്ദ്രൻ, ഡോ. കൃഷ്ണകുമാരി, അഞ്ജു കുമരേശൻ, ഡോ. നീതു മനോജ്, വത്സല ഗോപിനാഥ്, പി അപ്പുക്കുട്ടൻ, ദിനേശ് കുമാർ, കുഞ്ഞമ്പു, ബിന്ദു രഘുനാഥ്, വിണപ്രദീപ് എന്നിവർ സംസാരിച്ചു.

മോഷണക്കേസ് പ്രതി പിടിയിൽ

മഞ്ചേശ്വരം

അഷറഫ്

വോർക്കാടിയിൽ മൂന്നിടത്ത് മോഷണം നടത്തിയ പ്രതി മലപ്പുറത്ത് പിടിയിൽ. കർണാടക സ്വദേശി അഷ്റഫി (43)നെയാണ് മഞ്ചേശ്വരം എസ്ഐ രതീഷിന്റെ നേതൃത്വത്തിലുള്ള സംഘം വ്യാഴാഴ്ച പിടികൂടിയത്. കഴിഞ്ഞ മാസമാണ് മോഷണങ്ങൾ നടന്നത്.

വോർക്കാടിയിലെ ഗുളികൻ ദേവസ്ഥാനം, പള്ളി എന്നിവിടങ്ങളിലെ ഭണ്ഡാരങ്ങളും സമീപത്തെ കട കുത്തിത്തുറന്നും പണം മോഷ്ടിച്ചു. പൊലീസ് അന്വേഷണത്തിൽ പ്രതി കുപ്രസിദ്ധ മോഷ്ടാവ് അഷ്റഫാണെന്ന് തിരിച്ചറിഞ്ഞു. അപ്പോഴേക്കും പ്രതി ജില്ലവിട്ട് ഒളിവിൽപോയി. പിന്നീട് ഒരു മാസത്തെ അന്വേഷണത്തിലൊടുവിലാണ് അഷ്റഫിനെ കണ്ടെത്തിയത്. അന്വേഷണ സംഘത്തിൽ സീനിയർ സിവിൽ പൊലീസ് ഓഫീസർ പ്രമോദ്, സിവിൽ പൊലീസ് ഓഫീസർമാരായ പ്രണവ്, സന്ദീപ് എന്നിവരുമുണ്ടായി.

■ ആലമ്പാടി സ്കൂളിലെ ഭക്ഷ്യവിഷബാധ

മുഴുവൻ വിദ്യാർഥികളും ആശുപത്രി വിട്ടു

വിദ്യാനഗർ

ഭക്ഷ്യവിഷബാധയേറ്റ് ചികിത്സയിലായിരുന്ന ആലമ്പാടി ഗവ. ഹയർസെക്കൻഡറി സ്കൂളിലെ മുഴുവൻ വിദ്യാർഥികളും ആശുപത്രി വിട്ടു. നിരവധി വിദ്യാർഥികളെയാണ് വ്യാഴം രാത്രി ഛർദിയും ദേഹാസ്വാസ്ഥ്യവും കാരണം കാസർകോട്, വിദ്യാനഗർ, ചെങ്കള എന്നിവിടങ്ങളിലെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചത്.

വ്യാഴം വൈകിട്ട് സ്കൂളിൽ കുട്ടികൾക്ക് നൽകിയ പാലിൽനിന്നുണ്ടായ ഭക്ഷ്യവിഷബാധയാണ് കാരണമെന്ന നിഗമനത്തിലാണ് ആരോഗ്യവകുപ്പ്. മിൽമയുടെ പാൽ സംഭരണ കേന്ദ്രത്തിൽനിന്നും കൊണ്ടുവന്ന പാലാണിത്. ഇതേ സംഭരണ കേന്ദ്രത്തിൽനിന്ന് മറ്റ് സ്കൂളുകളിലും പാൽ നൽകിയിരുന്നു. അവിടങ്ങളിൽ ഇത്തരത്തിൽ ആർക്കും അസ്വാസ്ഥ്യമുണ്ടായില്ല എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആലമ്പാടി സ്കൂളിൽ ആരോഗ്യവകുപ്പ് അധികൃതരും ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥരും പരിശോധന നടത്തി. കുട്ടികൾക്കുള്ള പാൽ വിതരണം താൽകാലികമായി നിർത്തിവയ്ക്കാൻ നിർദേശം നൽകിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ വി രാംദാസ് അറിയിച്ചു.

പുല്ലൂർ സ്കൂളിൽ വിജയോത്സവം

പുല്ലൂർ ഗവ. യു പി സ്കൂൾ വിജയോത്സവം കാഞ്ഞങ്ങാട് ബ്ലോക്പഞ്ചായത്ത് പ്രസിഡന്റ് കെ മണികണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു

പുല്ലൂർ

നൂറാം വാർഷികം ആഘോഷിക്കുന്ന പുല്ലൂർ ഗവ. യുപി സ്കൂളിൽ വിജയോത്സവം സംഘടിപ്പിച്ചു. ബേക്കൽ ഉപജില്ലാ കായികമേളയിൽ മൂന്നാം സ്ഥാനവും ഉപജില്ലാ കലോത്സവത്തിൽ യുപി വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും സ്കൂൾ നേടിയിരുന്നു. വിജയോത്സവം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ മണികണ്ഠൻ ഉദ്ഘാടനം ചെയ്തു. പുല്ലൂർ സ്കൂൾ പ്രധാനാധ്യാപകനായിരുന്ന കുഞ്ഞമ്പു മാസ്റ്ററുടെ സ്മരണക്ക് നിർമിച്ച സ്കോർട്ട് ക്ലാസ്റൂം കെ മണികണ്ഠനും പുല്ലൂർ പെരിയ പഞ്ചായത്ത് പ്രസിഡന്റ് സി കെ അരവിന്ദനും ചേർന്ന് ഉദ്ഘാടനം ചെയ്തു. പി ബാലകൃഷ്ണൻ അധ്യക്ഷനായി. കെ സീത ഉപഹാരം നൽകി.

SOUTH INDIAN Bank
റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, പാലാട്ട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 004, കേരള, ഫോൺ: +91 497 2710233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
ഹെഡ് ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ–ലേല വിൽപ്പന നോട്ടീസ് [റൂൾ – 8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്റ്റേഴ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ–ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ/ജാമ്യക്കാരായ (1) ശ്രീ. മനോജ് ചെരുവിൽ, പ്രൊപ്രൈറ്റർ - M/s ക്രിസ്പി ഫുഡ് കോർട്ട്, ഭഗവതി നഗർ, ഷിരിബാഗിലു പി.ഒ, കാസർഗോഡ്, പിൻ–671124 കൂടാതെ ചെരുവിൽ ഹൗസ്, ചൂണ്ട പി.ഒ, കണ്ണൂർ, പിൻ–670511, 2) ശ്രീമതി ജിനു മനോജ്, പ്രൊപ്രൈറ്റിക്സ് - M/s വിദ്യാ ബുക്ക് ഹൗസ്, സംസം കൊമേഴ്സ്യൽ കോംപ്ലക്സ്, രണ്ടാം നില, കക്കാട് റോഡ്, സൗത്ത് ബസാർ, സിവിൽ സ്റ്റേഷൻ പി.ഒ, കാസർകോട്, കേരള, പിൻ–671121 കൂടാതെ ചെരുവിൽ ഹൗസ്, ചൂണ്ട പി.ഒ, കണ്ണൂർ, പിൻ–670511

താഴെ പറയുന്ന വസ്തുവഹകൾ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ കാസർഗോഡ് ബ്രാഞ്ചിൽ (സെക്യൂർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്